# അക്കാദമിക മാസ്റ്റർപ്ലാൻ

വിദ്യാലയത്തിന്റെ പേര്:

ശ്രീനാരായണ എൽ. പി. സ്കൂൾ
പെരുമ്പായിക്കാട്.

ഉപജില്ല: കോട്ടയം വെസ്റ്റ്

വിദ്യാഭ്യാസ ജില്ല: കോട്ടയം

ജില്ല: കോട്ടയം

# ആമുഖം

അനുദിനം മാറിക്കൊണ്ടിരിക്കുന്ന ലോകത്തിൽ സക്രിയമായി ഇടപെട്ട് ജീവിക്കാൻ ആവശ്യമായ ശേഷികളും ധാരണകളും മനോഭാവങ്ങളും രൂപീകരിച്ച് സമൂഹത്തെ മുന്നോട്ട് നയിക്കാൻ വ്യക്തികളെ പ്രാപ്തരാക്കുക എന്നതാണ് വിദ്യാഭ്യാസത്തിന്റെ ആത്യന്തിക ലക്ഷ്യം. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ്, എന്ന വസ്തുത പ്രാവർത്തികമാക്കിക്കൊണ്ട് അക്കാദമിക രംഗത്തും കലാകായിക രംഗത്തും ഒരുപോലെ മികവ് വർദ്ധിപ്പിക്കാൻ സ്കൂളിന് കഴിയേണ്ടതുണ്ട്. എല്ലാവരെയും ഉൾപ്പെടുത്തിയുള്ള വിദ്യാഭ്യാസം (Inclusive Education) പ്രാവർത്തികമാക്കുന്നതിനായി വൈവിധ്യമാർന്ന ബോധന തന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ സ്കൂളിന് കഴിയുന്നു.

അക്കാദമിക രംഗത്തെ മികവിന് കാരണം ചിട്ടയായ പ്ലാനിങ്ങും അതിനനുസരിച്ചുള്ള പ്രവർത്തനങ്ങളുമാണ്. ഓരോ പ്രവർത്തനവും കൃത്യമായി വിലയിരുത്തുകയും പോരായ്മകളുണ്ടെങ്കിൽ അപ്പപ്പോൾ പരിഹരിക്കുകയും ചെയ്യുന്നു.

2016-ലെ പൊതുവിദ്യാഭ്യാസ സംരക്ഷണ

യജ്ഞത്തിന്റെ ഭാഗമായി നമ്മുടെ പൊതുവിദ്യാലയങ്ങൾ
അക്കാദമികവും ഭൗതികസാഹചര്യങ്ങളും മെച്ചപ്പെട്ടി-
ട്ടുണ്ട്. എന്നിരുന്നാലും പൊതുവിദ്യാഭ്യാസ ഗുണമേന്മ
ഉയർത്തുന്നതിനും അക്കാദമിക നിലവാരം മെച്ചപ്പെടുത്തു-
ന്നതിനുമായി രൂപപ്പെടുത്തിയ സമഗ്രഗുണമേന്മാ
പദ്ധതിയുടെ ലക്ഷ്യങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ടാണ്
ഈ വർഷത്തെ സ്കൂൾ മാസ്റ്റർ പ്ലാൻ തയാറാക്കി-
യിരിക്കുന്നത്. ഓരോ കുട്ടിയെയും ഓരോ യൂണിറ്റായി
കണ്ടുകൊണ്ട് അവരുടെ മികവുകളും പോരായ്മകളും
തിരിച്ചറിഞ്ഞ് പോരായ്മകൾ നികത്തുന്നതിനുള്ള പ്രത്യേ-
ക പ്രവർത്തനങ്ങൾ രൂപീകരിച്ചിരിക്കുന്നു. അക്കാദമിക
രംഗത്തെ മുന്നേറ്റത്തിന് ആവശ്യമായ ഭൗതികസാഹ-
ചര്യങ്ങൾ ഒരുക്കുന്നതിന് സ്കൂളിന് കഴിഞ്ഞിട്ടുണ്ട്.

സ്കൂളിന്റെ അക്കാദമിക നിലവാരത്തി-
നുള്ള പൊതുസമൂഹത്തിന്റെ അംഗീകാരം നിലനിർ-
ത്തിക്കൊണ്ട് മുന്നേറാനും കൂടുതൽ ഗുണപരമായ
പാഠ്യപാഠ്യേതര പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നട-
പ്പാക്കാനുമാണ് ഈ മാസ്റ്റർ പ്ലാൻ തയാറാക്കിയത്.
ഇതിലെ ഓരോ പ്രവർത്തനവും നടപ്പിലാക്കി കുട്ടികൾക്ക്
ആവശ്യമായതെന്തോ അത് നൽകാനും നാളെയുടെ
വാഗ്ദാനങ്ങളായി അവരെ മാറ്റാനും നമുക്ക് സാധിക്കു-
മെന്ന് പ്രതീക്ഷിക്കട്ടെ.

## ചരിത്രം

ശ്രീനാരായണ ഗുരുദേവന്റെ പാദസ്പർശത്താൽ അനുഗ്രഹീതമായ ഈ പുണ്യഭൂമിയിൽ 1968 ജൂൺ മാസത്തിൽ ശ്രീനാരായണ എൽ.പി. സ്കൂൾ സ്ഥാപിതമായി. കോട്ടയം നഗരത്തിൽ നിന്ന് 6 കി.മീ. അകലെ പെരുമ്പായിക്കാട് വില്ലേജിൽ ആണ് ഈ സ്കൂൾ സ്ഥിതി ചെയ്യുന്നത്. സാമ്പത്തികമായി ഏറെ പിന്നാക്കം നിൽക്കുന്ന കുട്ടികളാണ് ഇവിടെ അധ്യയനം നടത്തുന്നത്. എം.സി. റോഡിലെ തിരക്കും, റെയിൽവേ പാളം മുറിച്ച് കടക്കുന്നതിന്റെ ബുദ്ധിമുട്ടും മൂലം കുട്ടികളെ ദൂരെയുള്ള വിദ്യാലയത്തിൽ അയയ്ക്കാൻ പ്രയാസം നേരിട്ടിരിക്കുന്ന സമയത്ത് ഈ സ്കൂൾ ആരംഭിച്ചത് നാട്ടുകാർക്ക് വലിയൊരു ആശ്വാസമായിരുന്നു.

സംക്രാന്തി, മുടിയൂർക്കര, തെള്ളകം എന്നീ സമീപ പ്രദേശങ്ങളിലെ ഒട്ടനവധി വ്യക്തികൾക്ക് അറിവിന്റെ വെളിച്ചം പകർന്നു കൊടുക്കാൻ ഈ സ്കൂളിന് കഴിഞ്ഞിട്ടുണ്ട്. ഇന്ന് സമൂഹത്തിലെ പല ഉന്നതസ്ഥാനീയരും അവരുടെ വിദ്യാഭ്യാസത്തിന് തുടക്കം കുറിച്ചത് ഇവിടെ ആണെന്ന് നിസ്സംശയം പറയാം. ഇന്നും ഒരു സമൂഹത്തിന്റെ മുഴുവൻ ആവേശമായി അറിവിന്റെ ഉറവിടമായി കാലത്തിന്റെ കുത്തൊഴുക്കിലും മായാതെ മറയാതെ ജ്വലിച്ചുയർന്നു നിൽക്കുന്നു.

# ലക്ഷ്യങ്ങൾ

* ഓരോ വിദ്യാർത്ഥിക്കും വിദ്യാലയാന്തരീക്ഷം പഠന-
പ്രവർത്തനങ്ങളും ആസ്വാദ്യകരമാകുന്നു.

* വിദ്യാലയങ്ങളിൽ കുട്ടികളുടെ പൂർണ്ണ പങ്കാളിത്തം
ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.

* വിദ്യാർത്ഥികൾക്ക് ക്ലാസ്സ്മുറിയിലെ പഠനപ്രവർത്തന-
ങ്ങൾക്ക് പുറമെ കലാ-കായിക പ്രവൃത്തിപരിചയ
പഠനപ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്നതി-
നുള്ള സംവിധാനങ്ങൾ ഒരുക്കുന്നു.

* ഓരോ അധ്യാപികയും ആധുനിക സാങ്കേതിക
വിദ്യയുടെ കൂടി സഹായത്താൽ നിരന്തരം അറിവു-
കൾ പുനർനിർമ്മിക്കുകയും പ്രവർത്തനങ്ങൾ ആസൂ-
ത്രണം ചെയ്ത് നടപ്പാക്കുകയും ചെയ്യുന്നു.

* വിദ്യാർത്ഥികളും വിദ്യാർത്ഥികളും തമ്മിലും
വിദ്യാർത്ഥികളും അധ്യാപകരും തമ്മിലും അധ്യാപക-
രും അധ്യാപകരും തമ്മിലും അധ്യാപകരും സമൂ-
ഹവും തമ്മിലും ഊഷ്മളമായ ബന്ധങ്ങൾ ഉണ്ടാ-
കാനുതകുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.

* ഓരോ വിദ്യാർത്ഥിയെയും ഓരോ യൂണിറ്റായി കണ്ടു
കൊണ്ട് അവരുടെ പരമാവധി വികാസം സാധ്യ-

മാകുന്ന തരത്തിൽ വിദ്യാലയങ്ങളെ സജ്ജമാക്കുന്നു.

* പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ അക്കാദമിക നിലവാരം ഉറപ്പാക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യുന്നു.

## ഭൗതികസാഹചര്യം

സ്കൂളുകളിൽ മികവിന്റെ കേന്ദ്രങ്ങളായി മാറുന്നതിനാവശ്യമായ ഭൗതിക സാഹചര്യങ്ങൾ കൂടി വിദ്യാലയങ്ങളിൽ ഉണ്ടാകേണ്ടതുണ്ട് അതിനാവശ്യമായ ഘടകങ്ങൾ എന്നത്

* പരിസ്ഥിതി സൗഹൃദ വിദ്യാർത്ഥി സൗഹൃദ സ്കൂൾ - ക്ലാസ്.
* കളിസ്ഥലവും കളിയുപകരണങ്ങളും.
* മതിയായ എണ്ണം ശുചിമുറികൾ ഭിന്നശേഷി സൗഹൃദ ടോയ്‌ലറ്റുകൾ.
* ശുദ്ധജല ലഭ്യത.
* ഭക്ഷണം തയ്യാറാക്കുന്നതിനും വിതരണം ചെയ്യുന്നതിനും ഇരുന്ന് കഴിക്കുന്നതിനും ആവശ്യമായ സൗകര്യങ്ങൾ
* ഗതാഗത സൗകര്യം.

നിലവിൽ ഈ സ്കൂളിൽ എട്ട് ക്ലാസ് മുറികളും, പ്രീ-പ്രൈമറി ക്ലാസ് മുറികളും ഓഫീസ് മുറിയും ടൈൽ പാകിയിരിക്കുന്നു. പൊതു വിദ്യാലയങ്ങൾ ഹൈടെക് ആകുന്നതിന്റെ ഭാഗമായി ഡിജിറ്റൽ ക്ലാസ് മുറികൾ, ഗ്രീൻ ബോർഡ്,) പ്രിന്റർ, ലാപ്ടോപ്പുകൾ തുടങ്ങിയ സംവിധാനങ്ങളും

ഒരുക്കിയിരിക്കുന്നു. കുട്ടികൾക്ക് വായനയ്ക്ക്
ആവശ്യമായ ലൈബ്രറി പ്രത്യേകമായി തന്നെ
ഒരുക്കിയിരിക്കുന്നു. ആവശ്യമായ ശുദ്ധജലസൗകര്യം
ഒരുക്കിയിട്ടുണ്ട്. മതിയായ എണ്ണം ശുചിമുറികളും
ഭിന്നശേഷി സൗഹൃദ ടോയ്‌ലറ്റും ഉണ്ട്.
ഭക്ഷണം തയ്യാറാക്കുന്നതിന് അടുക്കളയും
വിതരണം ചെയ്യുന്നതിനും ഇരുന്ന് കഴിക്കുന്നതിന്
ഊണുമുറിയും സജ്ജമാക്കിയിരിക്കുന്നു. എന്നാൽ
മഴക്കാലത്ത് ഉണ്ടാകുന്ന ഊണുമുറിയിലെ
ചോർച്ച ഒരു പരിമിതിയാണ്.

എഴുത്തിലും വായനയിലും പിന്നോക്കം
നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക സമയം കണ്ടെത്തി
പിന്തുണ പ്രവർത്തനങ്ങൾ നൽകി വരുന്നു. കുട്ടികൾ
വിവിധ ക്വിസ് മത്സരങ്ങൾ, ശാസ്ത്ര, ഗണിതശാസ്ത്ര
പ്രവൃത്തി പരിചയ മേളകൾ കലാ കായിക മത്സര
ങ്ങൾ എന്നിവയിൽ പങ്കെടുക്കുകയും വിജയി
കളാകുകയും ചെയ്യുന്നു.

## സാമൂഹിക ഇടപെടലുകൾ

സ്കൂളിലെ വിവിധ പ്രവർത്തന
ങ്ങൾ സമൂഹവുമായി സ്കൂളിനെ ബന്ധിപ്പിക്കാൻ
സഹായിക്കുന്നു. പൊതുവിദ്യാലയ സംരക്ഷ
ണത്തിൽ സമൂഹത്തിന് വളരെ നിർണായകമായ
പങ്കാണുള്ളത്. പൂർവ്വ വിദ്യാർത്ഥികൾ, പൂർവ്വാധ്യാ
പകർ, പൊതു പ്രവർത്തകർ വിദ്യാലയത്തോട്
താല്പര്യമുള്ളവർ വിദ്യാലയ വികസന യോഗങ്ങളിൽ
പങ്കെടുക്കുകയും വിദ്യാർത്ഥികളെയും വിദ്യാലയത്തെയും
അംഗീകരിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള
പ്രവർത്തനങ്ങൾ ഏറ്റെടുക്കുകയും ചെയ്യുന്നു.

## അക്കാദമികം

പൊതുവിദ്യാലയങ്ങൾ നാടിന്റെ നന്മക്കായി ഉള്ളവയാണ്. സാമൂഹിക കൂട്ടായ്മ വളർത്തിയും അടിസ്ഥാനഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിച്ചും. അക്കാദമിക രംഗത്തെ ചിട്ടയായ പ്രവർത്തനങ്ങളും സ്കൂളിന്റെ വളർച്ചയ്ക്ക് സഹായിക്കുന്നു. നിലവിൽ എഴുത്തിനും വായനക്കും പ്രാധാന്യം കൊടുത്തുകൊണ്ടുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നുണ്ട്. കൂടാതെ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പഠനപിന്തുണ പ്രവർത്തനങ്ങളും നൽകി വരുന്നു.

### അക്കാദമിക മികവിന് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ

* ഭാഷാശേഷി വികസനം.
* ഗണിത ശേഷി വികാസനം.
* ഇംഗ്ലീഷ് പഠനം.
* വായനാശേഷി വർദ്ധിപ്പിക്കൽ
* ദിനാചരണങ്ങൾ
* ശാസ്ത്ര പോഷണ പരിപാടി
* പൊതു വിജ്ഞാനം.
* പച്ചക്കറിത്തോട്ടം
* സ്കൂൾ പത്രം / മാസിക
* ലൈബ്രറി ശാക്തീകരണം.
* കലാ,കായിക പ്രവൃത്തി പരിചയ പരിശീലനം.
* അറബിക് ഭാഷ പരിപോഷിപ്പിക്കൽ

## പഠനാന്തരീക്ഷം

മെച്ചപ്പെട്ട പഠനാന്തരീക്ഷം ഉറപ്പാക്കുന്നതിന് താഴെപ്പറയുന്ന ഘടകങ്ങൾ പരിഗണിച്ചിരിക്കുന്നു.

* ക്ലാസ് മുറികളുടെ സജ്ജീകരണം.
* അവസരസമത്വം, സ്വതന്ത്രചിന്ത, ലിംഗസമത്വം, എല്ലാ വിഭാഗം കുട്ടികളെയും ഉൾക്കൊള്ളുന്ന അന്തരീക്ഷം.
* അനുയോജ്യമായ പഠനോപകരണങ്ങൾ.
* അധ്യാപക - വിദ്യാർത്ഥി ബന്ധം.
* ആധുനിക സാങ്കേതികവിദ്യയുടെ ലഭ്യതയും ഉപയോഗവും.

## അധ്യാപകർ

പാഠ്യപദ്ധതിക്ക് അനുസൃതമായി പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത നടപ്പിലാക്കുന്നതിനും അധ്യാപകർക്ക് കഴിയുന്നുണ്ടോ വിലയിരുത്തുന്നതിനും എന്ന് സ്വയം വിലയിരുത്തുന്നു.

* സ്വതന്ത്രവും നിർഭയവുമായ അന്തരീക്ഷം ഒരുക്കുന്നു.
* പഠനസാമഗ്രികളുടെ യഥാസമയ ലഭ്യത അവശ്യമായ പ്രാദേശിക വിഭവങ്ങൾ ഉറപ്പാക്കുന്നു.
* സാമൂഹിക പിന്തുണ ഉറപ്പാക്കുന്നു.
* ദൈനംദിനാസൂത്രണവും സമഗ്രാസൂത്രണവും
* അധ്യാപക - രക്ഷാകർത്തൃബന്ധം.

## സാമൂഹ്യ ഇടപെടലുകൾ

PTA, SMC, MPTA, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വിദ്യാലയ വികസന സമിതി, വിവിധ വകുപ്പുകൾ തുടങ്ങിയ ഘടകങ്ങൾ വിദ്യാലയ വികസനത്തിന് പിന്തുണ നൽകുന്നു.

# മേഖല - മലയാളം

## പ്രവർത്തനം - 1 : ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| ① എല്ലാ കുട്ടികൾക്കും മലയാളം അനായാസമായി എഴുതാനും വായിക്കാനുമുള്ള ശേഷി വികസനം | ① അക്ഷരം ഉറപ്പിക്കൽ<br>② ചിഹ്നം ഉറപ്പിക്കൽ<br>③ പദ നിർമ്മാണം<br>④ വാക്യ നിർമ്മാണം<br>⑤ ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക ക്ലാസ്സ് | 2 മാസം – 1 വർഷം | SRG | PTA |
| ② എല്ലാ കുട്ടികളെയും സ്വന്തം രചനക്കാരാക്കുക | ① ക്ലാസ് രചനക്കൂട്ടം<br>② ക്ലാസ് ലൈബ്രറി<br>③ ക്ലാസ് നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ ലഭ്യമാക്കൽ<br>④ രചനോത്സവം<br>⑤ പത്രവായന | 6 മാസം - 1 വർഷം | വിദ്യാരംഗം ചുമതലയുള്ള ടീച്ചർ / മലയാളം ടീച്ചർ | PTA |

### പത്രവായന

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
| --- | --- | --- | --- |
| ③ പത്രവായന പരിപോഷിപ്പിക്കുക | പ്രധാന വാർത്തകളുടെ അവതരണം<br>പത്രക്വിസ് | ദിവസേന | SRG |

| | | | |
|---|---|---|---|
| 4) സർഗശേഷി വികസനം | വിജ്ഞാനോത്സവ പ്രവർത്തനങ്ങൾ<br>കവിതാലാപനം<br>കവിതാ രചന<br>കഥാ രചന | മാസത്തിൽ 1 | SRG<br>വിദ്യാരംഗം |
| | ക്ലാസ്‌തല, സ്കൂൾതല പത്രം | മാസത്തിൽ 1 | വിദ്യാരംഗം<br>SRG |
| | അമ്മവായന<br>(വീടുകളിലേക്ക് കുട്ടികൾ വശം) | ആഴ്ചയിൽ 1 | വിദ്യാരംഗം |

## മേഖല - ഇംഗ്ലീഷ്

പ്രവർത്തനം - ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സഹായികൾ |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് പഠിക്കാനും എഴുതാനും കഴിയുക. | ഇംഗ്ലീഷ് അസംബ്ലി<br>ഇംഗ്ലീഷ് ന്യൂസ് റീഡിങ് | ആഴ്ചയിൽ - 1 | | |
| വായന പരിപോഷിപ്പിക്കൽ | ക്ലാസ് ലൈബ്രറിയിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ (Story, simple Poem) etc ഉൾക്കൊള്ളിക്കൽ | ആഴ്ചയിൽ - 1 | | |

## മേഖല - ദിനാചരണങ്ങൾ

| | | | |
|---|---|---|---|
| വിവിധ ശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ പ്രധാന ദിനാചരണങ്ങൾ പഠനപ്രവർത്തനമായി സംഘടിപ്പിക്കൽ. | ജൂൺ - മാർച്ച് | SRG |

## മേഖല - ശാസ്ത്രം

| | | | | |
|---|---|---|---|---|
| 1 കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തൽ | ശാസ്ത്ര തത്ത്വങ്ങൾ ലഘുവായ പരീക്ഷണങ്ങളിലൂടെ അവതരണം. | | | |
| 2 ശാസ്ത്രമേളകളിൽ പൂർണ്ണ പങ്കാളിത്തം ഉറപ്പുവരുത്തൽ. | മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകൽ. | 6 മാസത്തിൽ ഒരിക്കൽ | സയൻസ് ടീച്ചർ | SRG |
| 3 ശാസ്ത്ര മാസിക തയ്യാറാക്കൽ | കുട്ടികൾ തയ്യാറാക്കുന്ന ശാസ്ത്ര സംബന്ധമായ അറിവുകൾ. | | | |

## മേഖല - ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല നൽകേണ്ടവർ |
|---|---|---|---|
| ഗണിത പഠന പ്രവർത്തനങ്ങൾ ലളിതമാക്കൽ | ഗണിതശാസ്ത്രങ്ങൾ ലളിതമായി അവതരിപ്പിക്കൽ | 1 വർഷം | PTA അധ്യാപിക |
| ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കൽ | വർക്ക്ഷീറ്റുകൾ | 1 വർഷം | അധ്യാപിക |

## പ്രവൃത്തി പരിചയം

| | | | |
|---|---|---|---|
| പ്രവൃത്തി പരിചയ പരിശീലനം | നല്ലൊരു കുട്ടികൾക്ക് പ്രവൃത്തി പരിചയത്തിൽ പരിശീലനം നൽകി വിവിധ ഉൽപന്നങ്ങൾ നിർമ്മിക്കൽ | | SRG |

## മേഖല - കലാരംഗം

| | | | |
|---|---|---|---|
| കലാ വിരുതുകളുടെ പരിശീലനം | കലാവാസനകൾ ഉള്ള കുട്ടികൾക്ക് വിദഗ്ധരെ പങ്കെടുപ്പിച്ച് പരിശീലനം | ആഴ്ചയിൽ 2 | SRG |

## മേഖല - കായികം

| | | | |
|---|---|---|---|
| ① കുട്ടികളുടെ കായിക ശേഷി വർദ്ധിപ്പിച്ച് വികസിപ്പിക്കൽ<br>② കായിക മത്സരങ്ങളിൽ മികവിലേക്ക് എത്തിക്കൽ | ① കുട്ടികളുടെ കഴിവുകൾ പരിഗണിച്ച് അർഹരായവരെ മേഖലയിൽ പരിശീലനം<br>② അനുയോജ്യമായ പരിശീലനം നൽകൽ (ഓട്ടം, റിലേ) | | |

# മേഖല - അക്കാദമികം - സാമൂഹികം

## CPTA ശക്തിപ്പെടുത്തൽ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| CPTA ശക്തിപ്പെടുത്തി മുഴുവൻ രക്ഷിതാക്കൾക്കും കുട്ടികളുടെ മികവ്, പോരായ്മകൾ എന്നിവ തിരിച്ചറിഞ്ഞ് മുന്നോട്ടുനയിക്കുന്നതിൽ സഹകരണം ഉറപ്പുവരുത്തൽ. | CPTA യോഗം കാര്യക്ഷമമായി നടത്തൽ. കുട്ടികളുടെ പഠനനേട്ടങ്ങൾ, പഠന തെളിവുകൾ, പഠനത്തെ പോലെ പഠനനേട്ടം തുടങ്ങിയവയുടെ അവതരണം CPTA -യിൽ. | 1 വർഷത്തിൽ<br>3 മാസത്തിൽ ഒരിക്കൽ | SRG<br>ക്ലാസ് ടീച്ചർ | |

# വാർഷിക കലണ്ടർ 2025 - 2026

| പ്രവർത്തനങ്ങൾ | ജൂൺ | ജൂലൈ | ആഗസ്റ്റ് | സെപ്തംബർ | ഒക്ടോബർ | നവംബർ | ഡിസംബർ | ജനുവരി | ഫെബ്രുവരി | മാർച്ച് |
|---|---|---|---|---|---|---|---|---|---|---|
| സ്കൂൾ അസംബ്ലി | | | | | | | | | | |
| SRG മീറ്റിംഗ് | | | | | | | | | | |
| PTA / CPTA | | | | | | | | | | |
| ദിനാചരണങ്ങൾ | | | | | | | | | | |
| വായനക്കളരി | | | | | | | | | | |
| English Enrichment Programme | | | | | | | | | | |
| ഗുണതം ഭാഷാപഠനം | | | | | | | | | | |
| ഗുണതം (ഗണിതം) | | | | | | | | | | |
| ശാസ്ത്ര ക്ലബ്ബുകൾ | | | | | | | | | | |
| പൊതുവിജ്ഞാനം | | | | | | | | | | |

മേഖല – അക്കാദമികം

ഉപമേഖല – ഭാഷ

ക്ലാസ് I

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| അടിസ്ഥാന ഭാഷാ ശേഷി വികസനം | 1) ഭാഷാ കളരി കുട്ടികളിലും പാട്ടുകളും കഥ കളുമായി കുട്ടി കൂട്ടങ്ങൾ സംഘടിപ്പിക്കൽ. | സെപ്തംബർ ഒക്ടോബർ | ക്ലാസ് ടീച്ചർ SRG SMC സ്കൂൾ വികസന സമിതി. | SMC |
| | 2) അമ്മ പറയട്ടെ അമ്മമാർ കുട്ടി കഥകൾ അവതരിപ്പിക്കുന്നു. | ജൂലൈ ഡിസംബർ ജനുവരി മാസത്തിലൊരിക്കൽ | ക്ലാസ് ടീച്ചർ SRG മദർ പി.ടി.എ. | മദർ പി.ടി.എ. |

മേഖല - അക്കാദമികം

ഉപമേഖല - ഭാഷ

ക്ലാസ് - II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശ കലനം |
|---|---|---|---|---|
| ഉചിതമായ വ്യവഹാര രൂപ ങ്ങളിലുള്ള ലേഖന മികവ് | 1) എഴുത്തും കുത്തും ലഘു രചനയിലേക്ക് നയിക്കുന്ന രചനാ ക്യാമ്പു കൾ<br>2) ലഘുപതി പ്പുകൾ തയ്യാറാ ക്കൽ. | ഒക്ടോബർ<br>നവംബർ<br>ഡിസംബർ | SRG<br>SMC<br>ക്ലബ്ബുകൾ<br>മദർ പി.ടി.എ<br>സ്റ്റാഫ്. | [illegible]<br>മദർ പി.ടി.എ |
| സർഗാത്മകതയെ തട്ടിയു ണർത്താം | 1) രചനാശില്പ ശാല കഥ, കവിത, രചന കൾക്കുള്ള വേദിയൊരുക്കൽ | ഡിസംബർ<br>ജനുവരി | SMC<br>അധ്യാപകർ<br>ക്ലബ്ബുകൾ<br>പ്രമുഖ വ്യക്തി കൾ | SRG<br>SMC |

മേഖല - അക്കാദമികം

ഉപമേഖല - ഭാഷ

ക്ലാസ്- III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാഹിത്യ പ്രതിഭകളെ അടുത്തറിയാം | 1) കവികളെ കുറിച്ചുള്ള ഡോക്യുമെന്ററി പ്രദർശനം | ജൂൺ | അദ്ധ്യാപകർ SMC | SMC |
| | 2) പുസ്തക ശേഖരണവും പ്രദർശനവും | ജൂൺ ഡിസംബർ | അദ്ധ്യാപകർ SMC | SMC |
| | 3) ചിത്ര ഗ്യാലറി | ജനുവരി | മദർ പി.ടി.എ ക്ലബ്ബുകൾ | |
| വായനാ പരിപോഷണം | 1) പൊതു സമൂഹവുമായി ബന്ധപ്പെട്ട് പുസ്തക ശേഖരണം | നവംബർ | വായനശാല SMC SRG | ക്ലബ്ബ് SMC SRG |
| | 2) വായനാക്കളരി | ആഴ്ചയിലൊന്ന് | | |
| | 3) നാട്ടുവായന - പ്രാദേശിക എഴുത്തുകാരുമായുള്ള സംവാദം | ആഗസ്ത് | ക്ലബ്ബുകൾ സാഹിത്യ ക്ലബ്ബ് | വായനശാല |

## മലയാള ഭാഷ (Std IV)

| മധുരം മലയാളം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| ഭാഷാ പരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാ പരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ. ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്നതുവരെ | SRG<br>ക്ലാസ് ടീച്ചർ | PTA ഫണ്ട് |
| **വായിക്കാം വളരാം** | | | | |
| വായനാ ശേഷി വളർത്തൽ | ക്ലാസ് വായനാ കൂട്ടം.<br>ക്ലാസ് ലൈബ്രറി ഒരുക്കൽ-<br>പുസ്തകപരിചയം<br>വായനാ കുറിപ്പ്<br>ആസ്വാദ കുറിപ്പ്<br>പുസ്തക സംവാദം<br>ആനുകാലിക വായന | വർഷം മുഴുവൻ | HM<br>SRG<br>Class Teacher<br>CPTA | PTA |
| **എഴുതാം തെളിയാം** | | | | |
| എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | പ്രതിമാസം (വർഷം മുഴുവൻ) | SRG<br>Class Teacher | PTA |
| **എഴുത്തുകാരുമായി സംവദിക്കാം** | | | | |
| രചനാ ശേഷി വർദ്ധിപ്പിക്കൽ - സാഹിത്യകാരൻമാരെ അടുത്തറിയൽ | സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ | ആവശ്യാനുസരണം | Class Teacher | |

Downloaded from: https://textbooksall.blogspot.com/

| | | | | |
|---|---|---|---|---|
| കണ്ടറിയാം... കേട്ടറിയാം... | | | | |
| അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ (ICT) | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | Class Teacher | PTA |
| രുചിച്ചറിയാം | | | | |
| നമ്മുടെ പ്രാചീന (നാടൻ) ഭക്ഷണങ്ങൾ പരിചയപ്പെടൽ | ഭക്ഷ്യമേള - പാചക കുറിപ്പടങ്ങിയ പതിപ്പ് നിർമ്മാണം, ക്ലാസിലൊരു സദ്യ | വർഷത്തിലൊന്ന് | SRG<br>Class Teacher<br>PTA | |
| ഓർക്കാം - അഭിമാനിക്കാം (സാഹിത്യകാരന്മാർ) | | | | |
| സാഹിത്യകാരന്മാരുടെ ജന്മ- ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ അടുത്തറിയൽ | ഓർമ്മദിനങ്ങൾ ആചരിക്കൽ - ഡോക്യുമെന്ററി പ്രദർശനം - പുസ്തക പരിചയം - ക്വിസ് ചിത്ര പ്രദർശനം ജീവിതരേഖ തയ്യാറാക്കൽ പതിപ്പ് നിർമ്മാണം - പ്രദർശനം | ആവശ്യാനുസരണം | SRG<br>Class Teacher<br>CPTA | |
| കലക്കൂട്ട് | | | | |
| പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ - നേരിട്ടറിയൽ | പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ് മുറിയിലേക്ക് കലാവതരണം. കലയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ, ചായങ്ങൾ പ്രദർശനം | വർഷത്തിലൊന്ന് | HM<br>SRG<br>CPTA<br>Class Teacher | PTA |
| സർഗ്ഗോത്സവം | | | | |
| ഭാഷാ പഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ | കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM<br>SRG<br>CPTA<br>Class Teacher | PTA |

മേഖല - അക്കാദമികം

ഉപമേഖല - ഇംഗ്ലീഷ്

ക്ലാസ്- I

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| ഇംഗ്ലീഷ് ഭാഷ ധാരാളമായി കേൾക്കുവാനുള്ള അവസരം ഒരുക്കൽ | കാർട്ടൂൺ പ്രദർശനം സിനിമാ പ്രദർശനം | മാസത്തിൽ ഒന്ന് | SRG | S S A |
| | ജിഴഹാരവെ റ്യ ജിഴഹാരവെ മലൈരായഹ്യ. | ആഴ്ചയിൽ ഒന്ന് | Class Teacher | |

മേഖല - അക്കാദമികം

ഉപമേഖല - ഇംഗ്ലീഷ്

ക്ലാസ് - II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആത്മ വിശ്വാസത്തോടെ ഇംഗ്ലീഷ് ഭാഷ സംസാരിക്കുവാനുള്ള അവസരമൊരുക്കൽ | Let's talk...... പ്രതിഭാധനരുമായി സംവദിക്കൽ<br>English ബാലസഭ<br>ഇംഗ്ലീഷ് അസംബ്ലി One day English | മൂന്ന് മാസത്തിൽ ഒന്ന്<br>മാസത്തിൽ ഒന്ന്<br>ആഴ്ചയിൽ ഒന്ന് | SRG<br>Class Teacher<br>SMC | S S A |

മേഖല - അക്കാദമികം

ഉപമേഖല - ഇംഗ്ലീഷ്

ക്ലാസ് - III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായന - ആശയമറിഞ്ഞും ഒഴുക്കോടെയും | ക്ലാസ് ലൈബ്രറി വികസനം. | ജൂൺ - മാർച്ച് | ഇറങ്ങ | S S അ<br>S ണ ഇ |
| | വാർത്താവായനാ മത്സരം സംഘടിപ്പിക്കൽ | മാസത്തിൽ ഒന്ന് | ഒലമരവല്യ | ടോളള |
| | വായനാക്കുറിപ്പുകൾ | 3 മാസത്തിൽ ഒന്ന് | S S അ | S S അ |
| | ബാല പ്രസിദ്ധീകരണങ്ങളുടെ വായന | ജൂൺ - മാർച്ച് | ഇഹാരര ഒലമരവല്യ | S ണ ഇ |

# English – Std IV

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **ഇംഗ്ലീഷ് അസംബ്ലി (ഇംഗ്ലീഷ് ഭാഷാ പഠനം)** | | | | |
| ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതുവാനുമുള്ള ശേഷി മെച്ചപ്പെടുത്തൽ | ആഴ്ചയിൽ രണ്ടു ദിവസം അസംബ്ലി ചേരൽ (അസംബ്ലിയുടെ മുഴുവൻ നിയന്ത്രണവും കുട്ടികൾക്ക്) | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |
| **ഇംഗ്ലീഷ് ഡയറി (ഇംഗ്ലീഷ് ഭാഷാ പഠനം)** | | | | |
| തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | നിത്യവും വീട്ടിലും വിദ്യാലയത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറി കുറിപ്പായി എഴുതു | ആഴ്ചയിൽ മൂന്നു ദിവസം (വർഷം മുഴുവൻ) | ക്ലാസ് ടീച്ചർ | |
| **ഇംഗ്ലീഷ് തിയേറ്റർ (ഇംഗ്ലീഷ് ഭാഷാ പഠനം)** | | | | |
| സർഗാത്മകതാ പരിപോഷണം | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ (Skit, Drama, Conversation, Story Telling) | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | S M C |
| **ഇംഗ്ലീഷ് മാഗസിൻ** | | | | |
| സർഗാത്മകതാ രചനാശേഷി വികസനം | മൂന്നു മാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാസിക തയ്യാറാക്കൽ | മൂന്ന് മാസത്തിലൊരിക്കൽ | HM<br>Class Teacher<br>SMC | S M C |

| | | | | |
|---|---|---|---|---|
| **ഇംഗ്ലീഷ് കൈയെഴുത്ത്** | | | | |
| ഇംഗ്ലീഷ് ഭാഷയിലുള്ള രചനാ മികവ് | സ്കൂളിലെ വിശേഷ ദിവസങ്ങളിലെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് സുഹൃത്തുക്കളുമായി കത്തിടപാട് | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | PTA |
| **ഇംഗ്ലീഷ് കോർണർ** | | | | |
| വായനാ പരിപോഷണം | കുട്ടികളുടെ നിലവാരത്തിനനുസരിച്ച പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായനാ മൂല ഒരുക്കൽ<br>വായനാവേള ഒരുക്കൽ<br>വായനാക്കുറിപ്പ് - പുസ്തക പരിചയം | രണ്ടാഴ്ചയിൽ ഒന്ന് | ക്ലാസ് ടീച്ചർ | രക്ഷിതാക്കൾ |
| **ഇംഗ്ലീഷ് ഫെസ്റ്റ്** | | | | |
| ഇംഗ്ലീഷ് നന്നായി പറയുവാനും എഴുതുവാനും കഴിയുന്ന നിലവാരത്തിലെത്തിക്കൽ (ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിൽ ആത്മവിശ്വാസമുണ്ടാക്കൽ) | വായനാ മത്സരം രചനാ മത്സരം മറ്റു സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണം | അവധിക്കാലം | [illegible] | [illegible] |

മേഖല - അക്കാദമികം

ഉപമേഖല - പരിസരപഠനം

ക്ലാസ് - I

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആഹാര ശീലങ്ങളും, ഭക്ഷണ വസ്തുക്കളുടെ പ്രത്യേകതകളും തിരിച്ചറിവ് | ഭക്ഷ്യമേള-പ്രദർശനം നാടൻ വിഭവങ്ങൾ ഉപയോഗിച്ചുള്ള പാചകവും രുചി അറിവും | ജൂൺ-ജൂലൈ ആഗസ്ത് | ക്ലാസ് ടീച്ചർ SRG SMC | |
| പ്രകൃതിയെ അറിയുന്നതിനും ആസ്വദിക്കുന്നതിനും | പുഷ്പോദ്യാനം, ഔഷധത്തോട്ടം, ചുറ്റുവട്ടത്താകെ | ഡിസംബർ ജനുവരി | SRG SMC | SMC |

മേഖല - അക്കാദമികം

ഉപമേഖല - പരിസരപഠനം

ക്ലാസ് - II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശുചിത്വബോധമുള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കുന്നതിന് | ശുചിത്വ സർവ്വേ ക്ലാസുകൾ പോസ്റ്റർ രചനാ മത്സരം അവതരണങ്ങൾ | ജൂൺ, ജൂലൈ | ക്ലാസ് ടീച്ചർ SRG SMC | |
| പ്രകൃതിയെ അറിയാൻ | പ്രകൃതി നടത്തം കാഴ്ചബംഗ്ലാവിലേക്ക് കാണാക്കാഴ്ചകൾ - ഇല | സപ്തംബർ ഡിസംബർ | ടീച്ചേഴ്സ് SRG SMC | SMC |
| നാടറിയാൻ - നാട്ടറിവുകൾ | കർഷകരുമായി അഭിമുഖം. കൃഷിയിടത്തിലേക്ക് നമുക്കും കർഷകരാകാം | ജനുവരി | SRG SMC നാട്ടുകാർ | |

മേഖല - അക്കാദമികം

ഉപമേഖല - പരിസരപഠനം

ക്ലാസ്- III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രാവബോധം വളർത്തുക | കണ്ടെത്താം അറിയാം<br>ലഘു പരീക്ഷണങ്ങൾ കണ്ടെത്തുന്നു.<br>കുറിപ്പ് തയ്യാറാക്കൽ | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ് | SRG<br>SMC | |
| പ്രകൃതി വിഭവ സംരക്ഷണം | ജൈവ-വൈവിധ്യ പാർക്ക്<br>തടയണ, മഴക്കുഴിനിർമ്മാണം<br>ജലസ്രോതസ്സുകൾ<br>പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിലെ പങ്കാളിത്തം | ജൂലൈ<br>ഡിസംബർ | SRG<br>SMC | SMC |
| ശാസ്ത്ര പരീക്ഷണങ്ങളിൽ താൽപര്യം ജനിപ്പിക്കൽ | ശാസ്ത്ര പ്രതിഭകളെ അടുത്തറിയാം.<br>പരീക്ഷണം വീട്ടിനകത്തും<br>ശാസ്ത്ര മാസികകൾ | ജനുവരി | SRG<br>SMC<br>[illegible] | |

[illegible]

## പരിസരപഠനം (Std IV)

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **പ്രകൃതി നടത്തം** | | | | |
| നിരീക്ഷണം- അറിവു നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | HM<br>CPTA | PTA |
| **ശാസ്ത്രമൂല** | | | | |
| ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA<br>SSA |
| **ശാസ്ത്രയാത്ര** | | | | |
| ശാസ്ത്ര പഠനത്തിൽ താൽപര്യം ജനിപ്പിക്കൽ- അന്വേഷണ ത്വര വളർത്തൽ | വാന നിരീക്ഷണ കേന്ദ്രം<br>സയൻസ് പാർക്ക്<br>ശാസ്ത്ര മെഡിക്കൽ പ്രദർശനങ്ങൾ<br>ഫോക്‌ലോർ അക്കാദമി ഇവ സന്ദർശിക്കൽ | ആവശ്യാനുസരണം | HM<br>SRG<br>CPTA<br>ക്ലാസ് ടീച്ചർ | PTA<br>രക്ഷിതാക്കൾ |
| **ഭൂപടമൊരുക്കാം** | | | | |
| കേരളം - ഇന്ത്യ- ഭൂപടവായന - സൂചിക - പരിചയപ്പെടൽ | ഭൂപട വായന<br>ഭൂപട രചന<br>സൂചികാനിർമ്മാണം ഇവ ഉപയോഗിക്കൽ | വർഷത്തിലൊന്ന് | SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്ര വിസ്മയ ചുമർ** | | | | |
| ശാസ്ത്രപഠനം രസകരമാക്കൽ | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്രോത്സവം** | | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | മോഡൽ,<br>പതിപ്പ്, ചാർട്ട്,<br>ആൽബം, പഠനോപകരണം, പരീക്ഷണം- ഇവയുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്രമാസിക** | | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ രചന | ശാസ്ത്ര മാസികകളുടെ നിർമ്മാണം | വർഷത്തിലൊന്ന് | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |

മേഖല - അക്കാദമികം

ഉപമേഖല - ഗണിതം

ക്ലാസ് - I

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കളികളും നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ | 1) ഗണിത മാഗസിൻ<br>2) ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം ഏകദിനക്യാമ്പ്<br>3) ഗണിതക്യാമ്പ് ഗണിത പ്രവർത്തനങ്ങൾ കളിയിലൂടെ | ജൂൺ - മാർച്ച്<br>സെപ്തംബർ<br>മാസത്തിൽ ഒന്ന് വീതം | [illegible]<br>ക്ലാസ് ടീച്ചർ<br>SRG ക്ലാസ് ടീച്ചർ | SSA |

മേഖല - അക്കാദമികം

ഉപമേഖല - ഗണിതം

ക്ലാസ് - II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിത ചിന്താ ശേഷി വളർത്തൽ | ഒരു ദിനം ഒരു ചോദ്യം (കുസൃതി കണക്കുകളും, ഗണിത പസിലുകളും പരിചയപ്പെടൽ)<br><br>ഗണിത ക്യാമ്പ് (ഗണിതം കളികളിലൂടെ) | ആഴ്ചയിൽ ഒന്ന് വീതം<br><br>മാസത്തിൽ ഒന്ന് വീതം | SRG<br>ക്ലാസ് ടീച്ചർ | S S A |

മേഖല - അക്കാദമികം

ഉപമേഖല - ഗണിതം

ക്ലാസ് - III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജ്യാമിതീയ സൗന്ദര്യം തിരിച്ചറിയാം | ഒറിഗാമി ശില്പശാല രസകരമായി ഗണിതപഠനവും നിർമാണ പ്രവർത്തനങ്ങളുടെ ആസൂത്രണവും. ഒറിഗാമിടാൻഗ്രാം രൂപങ്ങൾ നിർമ്മിക്കൽ, പ്രദർശിപ്പിക്കൽ | ഒക്ടോബർ | SRG<br>PTA | S S A |
| ഗണിതം ലളിതമാക്കാം കളികളിലൂടെ | മെട്രിക് മേള ഗണിതോത്സവം | ജനുവരി | SRG<br>ക്ലാസ് ടീച്ചർ | S S A<br>Staff<br>S M C |

# ഗണിതം (Std IV)

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **കളിക്കാം ഗണിതം** | | | | |
| ഗണിത പഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ) | വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ, നടപ്പാക്കൽ, മൂല്യനിർണയം. (ഏണിയും പാമ്പും, ഡയസ് കളി) സങ്കലനം, വ്യവകലനം (കച്ചവടക്കളി) | വർഷം മുഴുവൻ | SRG<br>ക്ലാസ് ടീച്ചർ | |
| **ഒറിഗാമിയിലൂടെ പഠിക്കാം.** | | | | |
| ഗണിത ശാസ്ത്ര പഠനം രസകരമാക്കൽ, കരചലന ശേഷി വികാസം | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം പ്രദർശനം | വർഷത്തിലൊരിക്കൽ (ഉചിതമായ സമയത്ത് ) | ക്ലാസ് ടീച്ചർ | PTA |
| **ഗണിതലാബ്** | | | | |
| ഗണിത പഠന പ്രവർത്തനം സുതാര്യമാക്കൽ | ഗണിത ലാബ് ഒരുക്കൽ, പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |
| **ഗണിതച്ചുമർ** | | | | |
| ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | ഗണിത ചുമർ ഒരുക്കൽ ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | PTA |
| **ഗണിതപഠനോപകരണശില്പശാല** | | | | |
| പഠനോപകരണങ്ങളിലൂടെ ഗണിതപഠനം രസകരമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം - പ്രദർശനം | ആവശ്യാനുസരണം | [illegible]<br>ക്ലാസ് ടീച്ചർ | PTA |
| **ഗണിതമേള** | | | | |
| ഗണിത ശേഷികളുടെ പ്രകടനം | പ്രശ്നോത്തരി, പസിൽ, പാറ്റേൺ, പഠന ഉൽപന്നങ്ങളുടെ പ്രദർശനം | വർഷത്തിലൊന്ന് | SRG<br>ക്ലാസ് ടീച്ചർ | PTA |

മേഖല - അക്കാദമികം

ഉപമേഖല - അറബിക്

ക്ലാസ് - I to IV

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ് | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| തെറ്റ് കൂടാതെ വായിക്കുവാനുള്ള കഴിവുണ്ടാക്കുന്നു. | - അക്ഷരവായന<br>- ക്ലാസ് വായന<br>- ലൈബ്രറി വായന<br>- ചിത്ര വായന<br>- മാഗസിൻ വായന<br>- വീട്ടുവായന<br>- കഥാ വായന<br>- വായനാമത്സരങ്ങൾ<br>- മോണിറ്ററിംഗ്<br>- വാക്യങ്ങൾ ഉറപ്പിക്കൽ<br>- വ്യാകരണങ്ങൾ<br>- ഇ-വായന | I- II<br>I- II<br>III- IV<br>I- IV<br>III- IV<br>I- IV<br>III- IV<br>II- III-IV<br>I- IV<br>III- IV<br>I- IV | ജൂൺ-ജൂലൈ<br>ജൂൺ-ഫെബ്രുവരി<br>നവംബർ-ഡിസംബർ<br>ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച് | അധ്യാപകർ | അധ്യാപകർ<br>PTA<br>SRG |
| അറബി ഭാഷ സംസാരിക്കുന്നതിന് ആത്മവിശ്വാസം ഉണ്ടാക്കുന്നതിന്. | -ഇ-ടെക്സ്റ്റ് ഉപയോഗിച്ച് അതിലുള്ള സംഭാഷണങ്ങൾ കേൾപ്പിക്കുന്നു.<br>- ലാംഗ്വേജ് ഗെയിംസ്<br>- റോൾ പ്ലേ<br>- ക്ലാസ് സംഭാഷണം<br>- കാർട്ടൂൺ<br>- പ്രദർശനം<br>- പദസമ്പത്ത് വർദ്ധിപ്പിക്കൽ<br>- ഡ്രാമറ്റൈസേഷൻ | I- IV<br>I- IV<br>I- IV<br>III- IV<br>I- IV | ജൂലൈ<br>-മാർച്ച്<br>ജൂലൈ<br>-മാർച്ച്<br>ആഗസ്റ്റ്-<br>ഫെബ്രുവരി | അധ്യാപകർ | അധ്യാപകർ<br>PTA |
| അറബി ഭാഷാ എഴുത്തിന്റെ പരിപോഷണം | - അക്ഷരങ്ങൾ ഉറപ്പിക്കൽ<br>- പദങ്ങൾ ഉറപ്പിക്കൽ<br>- ചിഹ്നങ്ങൾ ഉറപ്പിക്കൽ<br>- കൂട്ടി എഴുത്ത്<br>- അക്ഷരക്കാർഡ് നിർമ്മാണം<br>- കൈയെഴുത്ത് മാസിക<br>- ചുമർ പത്രിക നിർമ്മാണം<br>- ചാർട്ടെഴുത്ത്<br>- ചിത്രകഥ നിർമ്മിക്കൽ<br><br>Translation.<br>-Malayalam to Arabic<br>-Arabic to Malayalam<br>Arabic to English<br>-English to Arabic | III- IV<br>I- II<br>I- II<br>I- II<br>I- II<br>I- II<br>III- IV<br>III- IV<br>II- III-IV<br>II- III-IV<br>I- IV | ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച്<br>ഡിസംബർ<br>സെപ്തംബർ -<br>മാർച്ച്<br>ഒക്ടോബർ<br>ഫെബ്രുവരി<br>ജൂൺ - മാർച്ച് | അധ്യാപകർ | അധ്യാപകർ<br>PTA |

മേഖല - അക്കാദമികം

ഉപമേഖല - അറബിക്

ക്ലാസ് - **I to IV**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ് | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| തെറ്റ് കൂടാതെ വായിക്കുവാനുള്ള കഴിവുണ്ടാക്കുന്നു. | - അക്ഷരവായന<br>- ക്ലാസ് വായന<br>- ലൈബ്രറി വായന<br>- ചിത്ര വായന<br>- മാഗസിൻ വായന<br>- വീടുവായന<br>- കഥാ വായന<br>- വായനാമത്സരങ്ങൾ<br>- മോണിറ്ററിംഗ്<br>- വാക്യങ്ങൾ ഉറപ്പിക്കൽ<br>- വ്യാകരണങ്ങൾ<br>- ഇ-വായന | I- II<br>I- II<br>III- IV<br>I- IV<br>III- IV<br>I- IV<br>III- IV<br>II- III-IV<br>I- IV<br>III- IV<br>I- IV | ജൂൺ- ജൂലൈ<br>ജൂൺ- ഫെബ്രുവരി<br>നവംബർ- ഡിസംബർ<br>ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച് | അധ്യാപകർ | അധ്യാപകർ<br>PTA<br>SRG |
| അറബി ഭാഷ സംസാരിക്കുന്നതിന് ആത്മവിശ്വാസം ഉണ്ടാക്കുന്നതിന്. | -ഇ-ടെക്സ്റ്റ് ഉപയോഗിച്ച് അതിലുള്ള സംഭാഷണങ്ങൾ കേൾപ്പിക്കുന്നു<br>- ലാംഗ്വേജ് ഗെയിംസ്<br>- റോൾ പ്ലേ<br>- ക്ലാസ് സംഭാഷണം<br>- കാർട്ടൂൺ<br>- പ്രദർശനം<br>- പദസമ്പത്ത് വർദ്ധിപ്പിക്കൽ<br>- ഡ്രാമറ്റൈസേഷൻ | I- IV<br>I- IV<br>I- IV<br>III- IV<br>I- IV | ജൂലൈ -മാർച്ച്<br>ജൂലൈ -മാർച്ച്<br>ആഗസ്റ്റ്- ഫെബ്രുവരി | അധ്യാപകർ | അധ്യാപകർ<br>PTA |
| അറബി ഭാഷാ എഴുത്തിന്റെ പരിശീലനം | - അക്ഷരങ്ങൾ ഉറപ്പിക്കൽ<br>- പദങ്ങൾ ഉറപ്പിക്കൽ<br>- ചിഹ്നങ്ങൾ ഉറപ്പിക്കൽ<br>- കൂട്ടി എഴുത്ത്<br>- അക്ഷരക്കാർഡ് നിർമ്മാണം<br>- കൈയ്യെഴുത്ത് മാസിക<br>- ചുമർ പത്രിക നിർമ്മാണം<br>- ചാർട്ടെഴുത്ത്<br>- ചിത്രകഥ നിർമ്മിക്കൽ<br>Translation.<br>-Malayalam to Arabic<br>-Arabic to Malayalam<br>Arabic to English<br>-English to Arabic | III- IV<br>I- II<br>I- II<br>I- II<br>I- II<br>I- II<br>III- IV<br>III- IV<br>II- III-IV<br>II- III-IV<br>I- IV | ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച്<br>ഡിസംബർ<br>സെപ്തംബർ - മാർച്ച്<br>ഒക്ടോബർ ഫെബ്രുവരി<br>ജൂൺ - മാർച്ച് | അധ്യാപകർ | അധ്യാപകർ<br>PTA |